16/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**തിരുവനന്തപുരം 695 001.**

**ഹർജി നമ്പർ എ.പി.1334 (3)/2020/എസ്.ഐ.സി**

(ഫയൽ നം. 9399/എസ്.ഐ.സി - ജി1/2020 )

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**സന്നിഹിതൻ**

**ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 09/01/2023**

ശ്രീ. പി.എൻ. വിജയകുമാർ,
പടീറ്റടത്ത് പുത്തൻ വീട്,
ചിങ്ങോലി.പി.ഒ,
ആലപ്പുഴ - 690 532.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (ഇൻസ്പെക്ഷൻ), താലൂക്ക് ഓഫീസ്, കാർത്തികപ്പള്ളി, ഹരിപ്പാട് പി.ഒ - 690514.

2. അപ്പീൽ അധികാരി & തഹസിൽദാർ കാർത്തികപ്പള്ളി താലൂക്ക് ഓഫീസ്, കാർത്തികപ്പള്ളി, ഹരിപ്പാട് പി.ഒ - 690514.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | **12.03.2020** |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 13.04.2020,14.04.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **11.05.2020** |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.06.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **15.09.2020** |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | **23.09.2020** |

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി പടീറ്റടത്ത് പുത്തൻവീട്ടിൽ ശ്രീ. പി.എൻ വിജയ

കുമാർ കാർത്തികപ്പള്ളി താലൂക്ക് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്കു സമർപ്പിച്ച വിവരാവകാശ അപേക്ഷയക്ക് യഥാസമയം മറുപടി നൽകിയില്ലെന്നും നൽകിയ മറു പടി അപൂർണ്ണവും, തെറ്റിദ്ധരിപ്പിക്കുന്നതും നിരുത്തരവാദപരവുമായിരുന്നെന്നും ഒന്നാം അപ്പീൽ സമർപ്പിച്ചു എങ്കിലും ആയതിനു ലഭിച്ച മറുപടിയിലും തൃപ്തനാവാതെയാണ് രണ്ടാം അപ്പീലപേക്ഷയുമായി കമ്മീഷനെ സമീപിച്ചത്.

2. 30.12.2022 ൽ ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ കമ്മീഷൻ ഈ പരാതി പരിഗണിച്ചു. ഹർജിക്കാരനും, എസ്.പി.ഐ.ഒ യും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യും ഹാജരായി. ഹർജിക്കാരൻ ആവശ്യപ്പെട്ടരേഖകൾ അപേക്ഷകൻ നേരിട്ട് ഓഫീസിൽ ഹാജരായി എസ്.പി.ഐ.ഒ യുടെ സാന്നിധ്യത്തിൽ രേഖകൾ പരിശോധിച്ച് ആവശ്യമുള്ളവ ഏതെന്ന് അറിയിച്ചാൽ എത്ര പകർപ്പുകൾ ഉണ്ടെന്നു നോക്കി ആയതിനുള്ള ഫീസും ഓഫീസിലടച്ച് രേഖകൾ കൈപ്പറ്റാൻ അപ്പീലധികാരി മറുപടി നൽകിയെങ്കിലും ഹർജിക്കാരൻ ആയതു ചെയ്യാതെ രണ്ടാം അപ്പീലുമായി കമ്മീഷനെ സമീപിക്കുകയാണ് ചെയ്തത്.

3. ഇരു കക്ഷികളെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ 31.01.2023 നകം ഏതെങ്കിലും പ്രവർത്തി ദിവസം താലൂക്ക് ഓഫീസിൽ നേരിട്ടു ഹാജരായി രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമുള്ള പകർപ്പുകൾക്ക് നിശ്ചിത ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നുമുള്ള നിർദ്ദേശത്തോടെ ഈ അപ്പീൽ ഹർജിയിൽ അനന്തരനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേ ദിവസം 2023, ജനുവരി മാസം 09–ാം തീയതി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

pm